## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3263 — 19.06.2019-ൽ മറുപടിയ്ക്ക്

## സേവാഗ്രാം പദ്ധതി

| ചോദ്യം<br><br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകളുടെ സേവനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ച് ആരംഭിച്ച സേവാഗ്രാം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | സേവാഗ്രാം പദ്ധതിക്കായി ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും അടിസ്ഥാനസൗകര്യങ്ങൾ തയ്യാറാക്കിയിട്ടുള്ളതാണ്.നിലവിൽ മിക്ക കേന്ദ്രങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. |
| (ബി) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; | (ബി) | ഇല്ല. പൂർണ്ണമായും എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയാൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (സി) | അധികാരവികേന്ദ്രീകരണത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ വാർഡ് തലത്തിൽ ലഭ്യമാക്കാനാകും. അപ്രകാരം സുപ്രധാന തീരുമാനങ്ങളും അറിയിപ്പുകളും വാർഡ് കേന്ദ്രമെന്ന നിലയിൽ പെട്ടെന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന അവസ്ഥയും സംജാതമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ സ്തംഭനാവസ്ഥ പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവാഗ്രാം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ